

TUESDAY 25/02/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: Haripriya Devi (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/02/2025

1. പിറവം നിയമസഭാ മണ്ഡലത്തിൻറെ പരിധിയിൽ വരുന്ന വിവിധ പാടശേഖരങ്ങളിൽ നബാർഡ് RIDF പദ്ധതിയുടെ കീഴിൽ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കി നൂറുമേനി വിളയിക്കാൻ പ്രാപ്തമാക്കുന്ന പരിപാടിക്ക് സംസ്ഥാന കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി രാമമംഗലം ഗ്രാമപഞ്ചായത്ത് ഊരമന ശിവലി-സെൻട്രൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണോത്ഘാടനം ഇന്ന് 2025 ഫെബ്രുവരി 25 ന് രാവിലെ 11.30 മണിക്ക് ശിവലി ജംഗ്ഷനിൽ വച്ച് കേരള സംസ്ഥാനകൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിക്കുകയാണ്. പിറവം എം.എൽ.എ അഡ്വ. അനൂപ് ജേക്കബ് അദ്ധ്യക്ഷത വഹിക്കുന്നു. കോട്ടയം എം പി അഡ്വ. ഫ്രാൻസിസ് ജോർജ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ചിപ്പിക്കൂൺ വിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 2370773.

3. മൃഗസംരക്ഷണ വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന കടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ് എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2025 മുതൽ 31/03/2025 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുവാനുള്ള അവകാശം 28/02/2025-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ് 1000 രൂപ നിരതദ്രവ്യടെച്ച് ലേലത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന 'Participatory Rural Appraisal" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്യസ്വകോഴ്സിലെ പുതിയ ബാച്ച് 2025 മാർച്ച് 5 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 4 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താ- വുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 5 മുതൽ പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

## 5. കാർഷിക നിർദേശം

പാഴാക്കി കളയുന്ന കശുമാങ്ങയിൽ നിന്നും സ്ക്വാഷ്, സിറപ്പ്, ജാം തുടങ്ങി വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും. കശുമാങ്ങയുടെ ചവർപ്പ് മാറ്റുന്നതിനായി മൂത്തുപഴുത്ത കശുമാങ്ങ ശേഖരിച്ച് വൃത്തിയാക്കി ചാറ് പിഴിഞ്ഞെടുത്തശേഷം ഒരു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലിറ്റർ ചാറിന് 10 ഗ്രാം ചൗവ്വരി കുറുക്കിയതുമായി കൂട്ടിക്കലർത്തി 12 മണിക്കൂർ നേരം വയ്ക്കുക. ഇതിൻ്റെ തെളിയെടുത്ത് സ്കാഷ്, സിറപ്പ് മുതലായവ ഉണ്ടാക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം